# നേരിട്ടുള്ള ചെറുകിട വിദേശ നിക്ഷേപം: കാണാക്കുരുക്കുകൾ

ജി. ഹരികൃഷ്ണൻ

**സ്വകാര്യവൽക്കരണത്തിനും** ആഗോളീകരണത്തിനും പിന്നാലെ ഭാരതത്തിലെ സാധാരണക്കാരന് നേരിടേണ്ടിവരുന്ന അടുത്ത വെല്ലുവിളി നേരിട്ടുള്ള ചെറുകിട നിക്ഷേപ സംരംഭങ്ങളുടേതാണ്. വൻകിട സൂപ്പർ മാർക്കറ്റ് ഭീമന്മാരും വിദേശ നിക്ഷേപ കുത്തകകളും വ്യാപാര വിസ്ഫോടനത്തിന്റെ പുത്തൻ സമവാക്യങ്ങളുമായി എത്തുമ്പോൾ നിരാലംബരാകുന്നത് കർഷകരും ചെറുകിട വ്യാപാരികളുമായിരിക്കും. ഭൂരിപക്ഷ ഉപഭോക്തൃ സമൂഹവും ഈ വെല്ലുവിളിയെ അതിജീവിക്കില്ല. ഉപഭോക്താക്കൾ പരസ്യങ്ങളിൽ ആകൃഷ്ടരായി ഉപയോഗത്തിലൂടെ വശംവദരായി ഒടുവിൽ ഈ സൂപ്പർമാർക്കറ്റ് മായയുടെ അടിമകളായി മാറും. ചെറുതും വലുതുമായ പ്രത്യാഘാതങ്ങളിലൂടെ ബൃഹത്തായ സാമ്പത്തിക സാമൂഹിക അപചയത്തിനാണ് അധികാരി വർഗം വഴിമരുന്നിടുന്നത്.

നേരിട്ടുള്ള ചെറുകിട വിദേശ നിക്ഷേപങ്ങളുടെ കാര്യത്തിൽ ലോകവ്യാപാര സംഘടനയുടെ ശാസനങ്ങൾ വരാനിരിക്കുന്നതേ ഉള്ളു. എന്നാൽ അതിനു കാത്തിരിക്കാതെ തന്നെ ഇത്തരം ചെറുകിട വ്യാപാര സംരംഭങ്ങൾക്ക് അനുമതി നൽകാനുള്ള നിയമ പരിപാടികളുമായി മുന്നോട്ടു പോകുകയാണ് നമ്മുടെ ഭരണ കർത്താക്കൾ. ഇപ്പോൾ തന്നെ തകർച്ചയുടെ വക്കിലായ കാർഷിക സാമ്പത്തിക ഘടനനേയും മറ്റനേകം ഘടകങ്ങളേയും ദോഷകരമായി ബാധിക്കുന്നതാണ് നേരിട്ടുള്ള ചെറുകിട വിദേശ നിക്ഷേപ സംരംഭങ്ങൾ എന്ന് തിരിച്ചറിഞ്ഞിട്ടും, പ്രത്യാഘാത പഠനങ്ങൾ ഒന്നും തന്നെ നടത്താതെ ഇതിന് വഴിയൊരുക്കാനാണ് അധികാരികളുടെ നീക്കം.

ജി.എ.ടി.എസിനെ സംബന്ധിച്ച ചർച്ചകൾ ഗൗരവമായി മുന്നോട്ടു പോകുന്നുണ്ടെങ്കിലും ലോകരാജ്യങ്ങൾ ഒന്നും തന്നെ ചെറുകിട വിദേശ വ്യാപാരസംരംഭങ്ങൾക്കോ സൂപ്പർമാർക്കറ്റുകൾക്കോ അനുമതി നൽകിയിട്ടില്ല. എന്നാൽ 2004-ലെ സാമ്പത്തിക സർവേയുടെ ചുവടുപിടിച്ചാണ് ഭാരതത്തിൽ ഈ നീക്കം ശക്തമായിരിക്കുന്നത്. കേന്ദ്രസർക്കാരിന്റെ പ്രഖ്യാപിത അജണ്ടയിലോ പൊതുമിനിമം പരിപാടിയിലോ ഉൾപ്പെടാത്ത വിഷയമാണിത് എന്നതാണ് മറ്റൊരു സത്യം.

നേരിട്ടുള്ള ചെറുകിട നിക്ഷേപ സംരംഭങ്ങളിലൂടെ കൂടുതൽ വിദേശനിക്ഷേപകരെ ഭാരതത്തിലേക്ക് ആകർഷിക്കുക എന്നതാണ് നയതന്ത്രജ്ഞർ പ്രഖ്യാപിച്ചിട്ടുള്ള ലക്ഷ്യം. എന്നാൽ സ്വകാര്യ വ്യക്തി താൽപര്യങ്ങൾക്കാവും മുൻതൂക്കമെന്നത് വ്യക്തമാണ്.

ലോക ചെറുകിട വ്യാപാര മേഖലയെ അടക്കി വാഴുന്ന ചില വമ്പൻ കമ്പനികളാണ് ഭാരതത്തെപ്പോലുള്ള ചെറു രാജ്യങ്ങളിലേക്ക് തങ്ങളുടെ വിപണന തന്ത്രങ്ങൾ ഇറക്കുമതി ചെയ്യാൻ ശ്രമിക്കുന്നത്. വാൾ മാർട്ട് ഹോം ഡിപ്പോ, അമേരിക്കയിലെ ക്രൂഗർ, ഫ്രാൻസിലെ കെയർ ഫോർ, നെതൽലെൻഡിലെ റോയൽ അഹോൾഡ് എന്നിവരെല്ലാം തന്നെ തങ്ങളുടെ ഗവൺമെന്റുകൾക്കുമേൽ ഇതിനായി സമ്മർദ്ദം ചെലുത്തി തുടങ്ങിയിട്ടുണ്ട്. ഏകപക്ഷീയമായ രീതിയിൽ അനുവദിക്കപ്പെടുന്ന ഇത്തരം ചെറുകിട വിപണന കേന്ദ്രങ്ങൾ നമ്മുടെ നാട്ടിൽ ഗുരുതരമായ സാമ്പത്തിക സാമൂഹിക പ്രത്യാഘാതങ്ങൾ ഉണ്ടാക്കും. കുറഞ്ഞ ചിലവിൽ കൂടുതൽ സബ്സിഡിയുടെ പിൻബലത്തോടെ ഇറക്കുമതി ചെയ്യപ്പെടാവുന്ന കാർഷിക വിഭവങ്ങൾ തദ്ദേശീയമായ ഉൽപ്പന്നങ്ങളുടെ നിലനിൽപ്പിന് കടുത്ത ഭീഷണി ഉയർത്തും. ലോകവ്യാപകമായി കാർഷിക വിഭവങ്ങളുടെ വിലയിടിച്ചിലിന് കാരണം വികസിത രാജ്യങ്ങളിൽ നൽകപ്പെടുന്ന സബ്സിഡികളും ആനുകൂല്യങ്ങളുമാണ്. ലോകവ്യാപാര ശൃംഖലയിൽ ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഈ കമ്പനിക്ക് തുച്ഛമായ വിലയും കുറഞ്ഞ ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങൾ ഏത് രാജ്യത്തേക്കും എത്തിക്കാൻ സാധിക്കും. വോൾമാർട്ട് ഏത് പോലുള്ള വ്യാപാര കുത്തകകളെ ഭാരതത്തിൽ പ്രവർത്തിക്കാൻ അനുവദിച്ചാൽ ഫലത്തിൽ വിലയും ഗുണവും കുറഞ്ഞ ഉൽപ്പന്നങ്ങളെ ഇവിടേക്ക് ക്ഷണിച്ചുവരുത്തുക എന്നതാവും സംഭവിക്കുന്നത്. മറ്റൊരു തരത്തിൽ പറഞ്ഞാൽ വില കുറഞ്ഞ ഇറക്കുമതി അനുവദനീയമാക്കുന്നതിലൂടെ ഇപ്പോൾ തന്നെ നട്ടെല്ലൊടിഞ്ഞ നാട്ടിൻപുറത്തെ കർഷകർക്ക് മരണവാറണ്ട് നൽകുവാനാണ് ഗവൺമെന്റ് തുനിയുന്നത്. കുറഞ്ഞ ഇറക്കുമതി ചിലവിൽ നമ്മുടെ വിപണിയിലെത്തുന്ന ഉൽപ്പന്നങ്ങൾ പിന്നേയും വിലകുറച്ച് വിൽക്കപ്പെടുമ്പോൾ തദ്ദേശീയരായ കർഷകരുടെ ഉൽപ്പന്നങ്ങൾ പുറംതള്ളപ്പെടും. മൂന്നാം ലോക രാജ്യങ്ങളിൽ നിന്ന് ലോകവിപണിയിലേക്ക് കയറ്റി അയക്കപ്പെടുന്ന ഓരോ ഉൽപ്പന്നത്തിനും വളരെ ഉയർന്ന ഇറക്കുമതിച്ചുങ്കവും ഒപ്പം കുറഞ്ഞ വിലയുമാണ് വികസിത രാജ്യങ്ങൾ നൽകുന്ന സംഭാവന. ഈ അവസ്ഥ നിലവിലിരിക്കവെയാണ് നമ്മുടെ ഗവൺമെന്റ് ആത്മഹത്യാപരമായ ചിന്തകൾക്ക് തയ്യാറാവുന്നത്. അസന്തുലിതമായ കയറ്റിറക്കുമതി നയങ്ങൾ മാറ്റപ്പെടേണ്ടതാണെന്ന് ലോക വ്യാപാര സമൂഹത്തിനോട് വികസ്വര രാജ്യങ്ങൾ ആവശ്യപ്പെട്ടു കഴി

ഞ്ഞിരിക്കുന്നു. ചർച്ചകൾക്ക് ഫലം ലഭിക്കാൻ ഇനിയും കാത്തിരിക്കണം.

ഇന്ത്യയടക്കമുള്ള വികസ്വര രാജ്യങ്ങൾ ഇറക്കുമതി നിയന്ത്രണങ്ങൾ ഏതാണ്ട് പൂർണ്ണമായും ഉപേക്ഷിച്ചു കഴിഞ്ഞു. വികലമായ ഇത്തരം നടപടികൾ വരുത്തി വെയ്ക്കുന്ന അനിയന്ത്രിത ഇറക്കുമതി പിടിച്ചു നിർത്താനുള്ള ഏകവഴി ഇന്ന് സുശക്തമായ താരിഫ് നിയമങ്ങൾ മാത്രമാണ്. വികസ്വര രാജ്യങ്ങളിൽ ഇപ്പോൾ നിലവിലുള്ള കുറഞ്ഞ താരിഫ് നിരക്കുകൾ ഇനിയും കുറയ്ക്കണമെന്നതാണ് വികസിത രാജ്യങ്ങളുടെ ആവശ്യം. സംരക്ഷിക്കപ്പെടേണ്ട ചുരുക്കം വിഭവങ്ങളുടെ കാര്യത്തിൽ മാത്രമാണ് ഗുണപരമായ ചർച്ചകൾ നടക്കുന്നത്. ഒഴിവാക്കാൻ സാധിക്കാത്ത ഘടകങ്ങൾ ഈ വിഭവങ്ങളുടെ വിപണനത്തിൽ നില നിൽക്കുന്നു എന്നതിനാലാണ് വികസിത രാജ്യങ്ങളും ഇവയ്ക്ക് സംരക്ഷണം ഏർപ്പെടുത്താൻ തയ്യാറാവുന്നത്. ഇങ്ങനെ ഭാരതത്തിന്റെ സാമ്പത്തിക കാർഷിക സാമൂഹിക മേഖലകളെ ദോഷകരമായി ബാധിക്കുന്ന ഒരു വ്യവസ്ഥ നടപ്പിൽ വരുത്തുവാനാണ് നമ്മുടെ ഭരണകർത്താക്കൾ അമിതവേഗം കാണിക്കുന്നത്.

ഗുണനിലവാരം കുറഞ്ഞ ഭക്ഷ്യാർഷിക വിഭവങ്ങൾ കുന്നുകൂടുന്ന നാലാംകിട വിപണിയാക്കി ഭാരതത്തെ മാറ്റാൻ കഴിയുന്ന വ്യവസ്ഥയാണിത്. ഇറക്കുമതി വിഭവങ്ങളുടെ ഗുണനിലവാരം പരിശോധിക്കാൻ വേണ്ട യാതൊരു സംവിധാനവും ഭാരതത്തിൽ ഇന്നില്ല. ജനിതകമാറ്റം വരുത്തിയ ഭക്ഷ്യ ഉൽപ്പന്നങ്ങളെ നമ്മുടെ നിയമങ്ങൾ അംഗീകരിച്ചിട്ടില്ല. എന്നാൽ അധികാര സ്ഥാനങ്ങൾ അനുവദിക്കുന്ന ഉദാര നയങ്ങളുടെ വളക്കൂറിൽ പടർന്നു പന്തലിക്കുന്ന ഓരോ സൂപ്പർ മാർക്കറ്റുകളും ഇത്തരം ഭക്ഷണ പദാർത്ഥങ്ങളാവും നമുക്ക് നൽകാൻ പോകുന്നത്. ഇതൊക്കെ നിയന്ത്രിച്ച് ഇവയെ പ്രവർത്തിക്കാൻ അനുവദിക്കാമെന്നത് വ്യാമോഹം മാത്രമാണ്.

സൂപ്പർ മാർക്കറ്റുകളെയും കുത്തക സംരംഭങ്ങളെയും പിൻതുണയ്ക്കുന്നവർക്ക് പറയാനുള്ളത് ഇവയൊക്കെ ഭാരത ജനതയുടെ ഭക്ഷണ ഗുണനിലവാരം കുത്തനെ ഉയർത്തുമെന്നതാണ്. എന്നാൽ പെപ്സിയും കൊക്കകോളയും നമുക്ക് തരുന്ന പാഠം മറ്റൊന്നാണ്. അത്താഴ പട്ടിണിക്കാരായ ജനതയുടെ കുടിവെള്ളം കട്ടുമുടിക്കയും ജീവരക്തത്തിൽ വിഷം കലർത്തുകയും ചെയ്ത് മൂന്നാം ലോക രാഷ്ട്രങ്ങളിലെ ചികിത്സിക്കാനാകാത്ത അർബുദങ്ങളായി തീർന്ന കഥയാണ് ഓരോ വിദേശ കുത്തകകൾക്കും പറയാനുള്ളത്. പച്ചവെള്ളം പോലും പ്ലാസ്റ്റിക് കുപ്പിയിലാക്കി വിറ്റ് കാശുണ്ടാക്കുന്ന ഈ ബഹുരാഷ്ട്ര രാക്ഷസന്മാർക്ക് ദരിദ്ര രാഷ്ട്രങ്ങളിൽ മാത്രമാണ് യൂറോപ്യൻ യൂണിയന്റെ ഗുണനിലവാരം പാലിക്കാൻ സാധിക്കാത്തത്. യൂറോപ്യൻ നിലവാരത്തിലെ ഉൽപാദനം മൂന്നാംലോക രാഷ്ട്രങ്ങളിൽ സാധ്യമാകില്ല എന്നാണ് കമ്പനികളുടെ നിലപാട്.

വിദേശ ചെറുകിട നിക്ഷേപകരുടെ കടന്നുകയറ്റം കൊണ്ട് വംശനാശം സംഭവിക്കാൻ പോകുന്ന മറ്റൊരു വിഭാഗം ചെറുകിട വ്യാപാരികളാണ്. ഭാരതം ഉൾപ്പെടെയുള്ള ചെറുരാജ്യങ്ങളിലെ തൊഴിലില്ലായ്മ ഒരു പരിധിവരെ പരിഹരിക്കുന്നത് ചെറുകിട വ്യാപാരത്തിനുള്ള അവസരമാണ്. വൻകിട സൂപ്പർമാർക്കറ്റുകളുടെ പണക്കൊഴുപ്പിനു മുമ്പിൽ ദരിദ്ര നാരായണന്മാരായ ചെറുകിട വ്യാപാരികൾക്ക് പിടിച്ചു നിൽക്കാനാവില്ല. സൂപ്പർ മാർക്കറ്റ് സംസ്കാരത്തെ പിൻതുണയ്ക്കുന്നവർ പറയുന്ന തൊഴിലവസര സാധ്യതകൾ വിദൂരമായ സ്വപ്നം മാത്രമാണ്. ലോകത്തിലെ പല ഭാഗങ്ങളിൽ നിന്നുമുള്ള റിപ്പോർട്ടുകൾ തെളിയിക്കുന്നത്, സൂപ്പർ മാർക്കറ്റുകൾ നൽകുന്ന തൊഴിലവസരങ്ങളും അവ നഷ്ടപ്പെടുത്തുന്ന തൊഴിലവസരങ്ങളും തമ്മിലുള്ള അന്തരം വളരെ വലുതാണെന്നാണ്.

സൂപ്പർ മാർക്കറ്റുകൾ തന്നെ സാമ്പത്തിക സഹായം നൽകുന്ന ബ്രിട്ടീഷ് റീട്ടെയിൽ പ്ലാനിംഗ് ഫോറം 1998 ൽ നടത്തിയ പഠനം പുറത്തു കൊണ്ടുവന്നത് അവർക്കു തന്നെ നാണക്കേടുണ്ടാക്കുന്ന വിവരങ്ങളാണ്. ഒരു സൂപ്പർ മാർക്കറ്റുണ്ടാകുമ്പോൾ നഷ്ടമാവുന്നത് ശരാശരി 276 തൊഴിലവസരങ്ങളാണെന്നാണ് ഈ പഠനം കാണിക്കുന്നത്.

2001 ലെ യു.കെ. കോംപെറ്റീഷൻ കമ്മീഷൻ റിപ്പോർട്ടും, സൂപ്പർ മാർക്കറ്റുകൾ നഷ്ടമാക്കുന്ന തൊഴിലവസരങ്ങളെ കുറിച്ചാണ് വിശദീകരിക്കുന്നത്. ന്യൂ ഇക്കണോമിക് ഫൗണ്ടേഷൻ പറയുന്നത് തദ്ദേശീയമായ ജൈവ വിപണന സമ്പ്രദായത്തിൽ 10 പൗണ്ട് ചിലവഴിച്ചാൽ 24 കിലോമീറ്റർ ചുറ്റളവിലുള്ള തദ്ദേശീയ സാമ്പത്തിക വ്യവസ്ഥയ്ക്ക് 25 പൗണ്ട് ലാഭം കിട്ടുന്നു എന്നാണ്. സൂപ്പർ മാർക്കറ്റുകളിൽ 14 പൗണ്ട് ചിലവാക്കിയാലേ ഈ ലാഭം സാധ്യമാകൂ.

ഇത്രയധികം പ്രശ്നങ്ങൾ നമ്മുടെ സമൂഹത്തിന് സമ്മാനിക്കുന്ന ഒരു നിക്ഷേപക സംരംഭത്തിന് പച്ചക്കൊടി കാണിക്കുന്നതിന് മുമ്പ് ചെറുതായെങ്കിലും ചിന്തിക്കാനുള്ള സാവകാശം ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാഷ്ട്രത്തിന്റെ തലപ്പത്തിരിക്കുന്നവർ കാണിക്കണം.

*(അവലംബം : ഫിനാൻഷ്യൽ എക്സ്പ്രസ്സിൽ പ്രസിദ്ധീകരിച്ച അശോക് ഡി. ശർമ്മയുടെ ലേഖനം)*

***എൽ. 14, 'തണൽ', ജവഹർനഗർ, തിരുവനന്തപുരം***



## എനർജി മാമൻ

............ സ്കൂൾ വിട്ടു. മടക്കയാത്രയിൽ ചിന്താകുലനായ അപ്പു അസ്വസ്ഥനാകുന്നു. ട്രാഫിക് തിരക്കിലൂടെ അവൻ സൈക്കിൾ ചവിട്ടി. തിരക്ക് വിട്ട് ഇടവഴിയിൽ കടന്നു. സൈക്കിളിന്റെ ചെയ്ൻ വിട്ടുപോയി. അത് ശരിയാക്കാനായി സൈക്കിളിൽ നിന്നിറങ്ങി. അത് ശരിയാക്കുമ്പോഴും ക്ലാസ്സിലെ അദ്ധ്യാപകന്റെ വാക്കുകൾ മനസ്സിൽ ഓടിയെത്തുന്നു. ക്ലാസ്സ് മുറിയിൽ കണ്ടയാൾ തന്റെ അരികിൽ നില്ക്കുന്നത് അവൻ കണ്ടു. അവനെ നോക്കി ചിരിക്കുന്ന അയാളെ നോക്കി അവനും ചിരിച്ചു... ഊർജ്ജസംരക്ഷണത്തെക്കുറിച്ചുള്ള നൂറായിരം കാര്യങ്ങൾ അവൻ മാമനുമായി പങ്കുവെച്ചു. അവർ വീട്ടിലെത്തി.... എനർജി കൺസർവേഷൻ സൊസൈറ്റിക്കുവേണ്ടി കെ. സോമൻ നിർമ്മിച്ച് ഡി. ഷാഫി പ്രസാദ് സംവിധാനം ചെയ്ത എനർജി മാമൻ ഡോക്യുമെന്ററി സിഡി, 45 മിനിറ്റ്, ബന്ധങ്ങൾക്ക് : സോമൻ, 9447528068